**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് നിലവിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ളത്; അവ ഓരോന്നിന്റെയും നിലവിലെ അവസ്ഥ വിശദീകരിക്കാമോ? | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5കോടി, 3കോടി, 1കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമി ക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി കിഫ്ബി ഫണ്ട് അനുവദിച്ച ശ്രീകണ്ഠപുരം ഗവ.എച്ച്.എസ്.എസ് , 3 കോടി കിഫ്ബി ഫണ്ട്അനുവദിച്ച ഇരിക്കൂർ ഗവ.എച്ച്.എസ്.എസ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ചുഴലി ഗവ.എച്ച്.എസ്.എസ്, ശ്രീപുരം ഗവ. എച്ച്. എസ്.എസ് എന്നീ സ്കൂളുകളുടെ SPVയായി ഇൻകലിനെ യാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ നിർമ്മാണത്തിന് കാല താമസമുണ്ടായതിനാൽ SPVയായി കിലയെ ചുമതലപ്പെടുത്തി. കില DPR കിഫ്ബിക്ക് സമർപ്പിക്കുകയും LSGD മുഖാന്തിരം Feasibility Study പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. 1 കോടി കിഫ്ബി ഫണ്ട് അനുവദിച്ച ജി.എച്ച്.എസ് രായരോം, ജി.വി.എച്ച്. എസ്.എസ് കാർത്തികപുരം, ജി.എച്ച്. എസ്.എസ്.കണിയഞ്ചാൽ, ജി.എച്ച്. എസ്. നെടുങ്ങോം, ജി.എച്ച്.എസ്.എസ്. ഉളിക്കൽ എന്നീ സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ